**MAR REMIGIOSE INCHANANIYIL**
**Bishop of Thamarassery**

D31/05/163/25 2025 മെയ് 20

പ്രിയപ്പെട്ട അച്ചാ,

ഈശോയുടെ ഹൃദയത്തിന് സമർപ്പിക്കപ്പെട്ട ജൂൺ മാസത്തിൽ തിരുഹൃദയഭക്തിയിൽ വളരാനും അത് പ്രചരിപ്പിക്കാനുമായി ബഹുമാനപ്പെട്ട അച്ചനെ ഞാൻ സ്നേഹപൂർവം ക്ഷണിക്കുകയാണ്. ഈശോയുടെ ഹൃദയം "അതിരുകളില്ലാത്ത അവിടുത്തെ സ്നേഹത്തിന്റെ സ്വാഭാവിക അടയാളവും പ്രതീകവുമാണെന്ന്'' പന്ത്രണ്ടാം പീയൂസ് മാർപാപ്പാ പഠിപ്പിക്കുന്നുണ്ട് (On Devotion to God 1). **തിരുഹൃദയഭക്തിയുടെ പ്രചാരണത്തിനായി സാന്നിധ്യത്തിലൂടെയും ശുശ്രൂഷയിലൂടെയും അക്ഷീണം യത്നിക്കുന്നവരാണ് പ്രിയപ്പെട്ട എസ്.എച്ച് സിസ്റ്റേഴ്സ്.** നമ്മുടെ രൂപതയിൽ അവരുടെ എല്ലാ ശുശ്രൂഷകളേയും ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു.

ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച 'അവിടുന്ന് എന്നെ സ്നേഹിച്ചു' എന്ന തിരുവെഴുത്ത് കർത്താവിന്റെ ഹൃദയത്തിലേക്ക് ഒരിക്കൽക്കൂടി നമ്മുടെ ദൃഷ്ടികൾ ഉയർത്താനും ജീവിതത്തെയും കുടുംബത്തെയും നവീകരിക്കാനുമുള്ള അവസരം നല്കുന്നു. രൂപതയിലെ എല്ലാ കുടുംബങ്ങളേയും വ്യക്തികളേയും സമർപ്പിച്ചുകൊണ്ട് തിരുഹൃദയ സംസ്കാരം നാം വളർത്തിയെടുക്കേണ്ടതുണ്ട്. തിരുഹൃദയ ഭക്തിയുടെ ജൂൺമാസത്തിൽ സവിശേഷമായ അജപാലനപദ്ധതി ബഹു. എസ്.എച്ച് സിസ്റ്റേഴ്സ് രൂപപ്പെടുത്തിയിട്ടുണ്ട്. **നമ്മുടെ രൂപതയിൽ അവരുടെ ഭവനങ്ങളുള്ള ഇടവകകൾ കേന്ദ്രീകരിച്ച് *തിരുഹൃദയരൂപ പ്രയാണവും തിരുഹൃദയ കൺവെൻഷനും* നടത്താൻ അവർ ആഗ്രഹിക്കുന്നു. ആത്മീയനവീകരണം ലക്ഷ്യമാക്കി അവർ നേതൃത്വം നല്കുന്ന ഈ ശുശ്രൂഷയ്ക്ക് അച്ചന്റെ ഇടവകയിൽനിന്ന് എല്ലാ സഹകരണവും നല്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.** പ്രയാണവും കൺവൻഷനും ദൈവാനുഗ്രഹപ്രദമായി നടത്താനുള്ള പ്രായോഗികമായ നിർദേശങ്ങൾ അവർ നൽകുന്നതായിരിക്കും.

ക്രിസ്തുവിന്റെ തിരുഹൃദയത്തിൽ ദൈവസ്നേഹം കണ്ടെത്തിയ വി.കൊച്ചുത്രേസ്യ ഇപ്രകാരം പ്രാർഥിച്ചു, "അവിടുന്ന് തന്റെ അനന്തമായ കരുണ എനിക്ക് നല്കി, അതിലൂടെ ഞാൻ ദൈവിക പരിപൂർണ്ണതയെ ധ്യാനിക്കുകയും ആരാധിക്കുകയും ചെയ്യുന്നു". വിശുദ്ധയെപ്പോലെ ഈശോയുടെ ഹൃദയത്തോടുള്ള ഭക്തിയിൽ നിറയാനും തിരുഹൃദയരൂപ പ്രയാണത്തിലൂടെയും കൺവെൻഷനിലൂടെയും ഇടവകകളും കുടുംബങ്ങളും വിശുദ്ധീകരിക്കപ്പെടാനും സാധിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

+ Remigiose

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

REMIGIOSE INCHANANIYIL BISHOP OF THAMARASSERY

Bishop's House, P.B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : 0495 - 2223376, 2223019 (P)
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com

Scanned with OKEN Scanner